കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.1/1845/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം, തീയതി:15.10.2018

Phone No: 0471-2331231
Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കളക്ടറേറ്റ്, തിരുവനന്തപുരം, 3) ഓഫീസ് കോപ്പി

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.1/1845/18 തീയതി 15.10.2018

## തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 1.04.2017 മുതൽ 31.03.2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എ. മുഹമ്മദ് നിസാർ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.07.2018മുതൽ 29.07.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ലതകുമാരി. എം. (ഓഡിറ്റ് ഓഫീസർ) |
| | | ശ്രീ.അരുൺ.സി.എസ്.<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | | ശ്രീ. ശിവനാഥൻ. എ, ഓഡിറ്റർ |
| | | ശ്രീ. ഷിംജി. ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. വി. ആർ. സലൂജ<br>01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | : | ശ്രീ. എസ്. എസ്. പദ്മകുമാർ<br>01.04.2017മുതൽ 02.05.2017 വരെ |
| | | ശ്രീ. സുരേഷ്കുമാർ. വി.<br>03.05.2017മുതൽ 31.07.2017 വരെ |
| | | ശ്രീ. എസ്. രമേശൻ നായർ (ഇൻ ചാർജ്ജ്)<br>01.08.2017 മുതൽ 03.08.2017 വരെ |

| | |
|---|---|
| | ശ്രീ. എസ്. രമേശൻ നായർ (ഇൻ ചാർജ്ജ്)<br>04.08.2017 മുതൽ 03.12.2017വരെ |
| | ശ്രീമതി. സജ്ന സത്താർ<br>04.12.2017 മുതൽ 31.03.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീമതി. രമ്യ. ജെ.കെ. | 01.04.2017 മുതൽ 14.09.2017വരെ |
| | ശ്രീമതി. സംവിദ്യാനാഥ് | 15.09.2017 മുതൽ 31.03.2018 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി. ജയറാണി | 01.04.2017 മുതൽ 31.03.2018വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി. സുമ | 01.04.2017 മുതൽ 16.10.2017വരെ |
| | ശ്രീമതി. രമണിറോസ് | 17.10.2017 മുതൽ 31.03.2018വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ഷാജികുമാർ | 01.04.2017 മുതൽ 12.07.2017വരെ |
| | ശ്രീ. ബാബു വി. എസ്. | 13.07.2017 മുതൽ 31.03.2018 വരെ |
| സൂപ്രണ്ട് (താലൂക്ക് ആശുപത്രി) | ഡോ. ഉണ്ണികൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ആശുപത്രി C.H.C.പൂവാർ | ഡോ. ജവഹർ | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ. മോഹൻകുമാർ. വി. ഒ. | 01.04.2017 മുതൽ 18.07.2017വരെ |
| | ശ്രീമതി. വിമലകുമാരി അമ്മാൾ. കെ. | 19.07.2017 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. മഹേഷ്കുമാർ | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | | |
| | ഭാഗം 3<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ബ്ളോക്ക് പഞ്ചായത്തിന്റ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനത്തിന് ബ്ളോക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ് ഒടുക്കുന്നു | 3-1 | |
| 14 | വ്യവസായ വികസനം പദ്ധതികൾ നടപ്പാക്കിയില്ല | 3-2 | |
| 15 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 3-3 | |
| 16 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല | 3-4 | |
| 17 | ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ലഭ്യമാക്കിയിട്ടില്ല | 3-5 | |
| 18 | ബജറ്റ് അധികരിച്ച ചെലവ് നടത്തി | 3-6 | |
| 19 | പദ്ധതി രൂപീകരണം - ബജറ്റ്, സർക്കാർ നിർദേശങ്ങൾ അധികരിച്ച ചെലവ് ചെയ്തു | 3-7 | |

| | | | |
|---|---|---|---|
| 20 | മോണിറ്ററിങ് ചെലവുകൾ - യാത്ര സംബന്ധമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-8 | |
| 21 | കേരളോത്സവം -തുക അധികം ചെലവഴിച്ചു | 3-9 | |
| 22 | ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ വാങ്ങൽ-അപാകതകൾ | 3-10 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 30 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 83,77,19,200/-രൂപ വരവും 83,65,37,200/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരമുള്ള വരവ് മുന്നിരിപ്പുൾപ്പെടെ 12,05,39,965/-രൂപയും ചെലവ് 11,28,82,761/- രൂപയുമാണ്.

2017-18 ലേക്കുള്ള ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- നോൺ പ്ലാൻ പ്രൊപ്പോസൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് ലഭ്യമാക്കുന്നതിനായി

മീറ്റിംഗ് വിളിച്ച് ചേർക്കുകയോ അവരിൽ നിന്നും പ്രൊപ്പോസൽ വാങ്ങുകയോ ചെയ്തിട്ടില്ല.

- വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മുൻപാണ് ബജറ്റ് തയ്യാറാക്കിയത്. ആയതിനാൽ ബജറ്റ് റിവൈസ് ചെയ്യണമായിരുന്നു. എന്നാൽ ബജറ്റ് റിവൈസ് ചെയ്തിട്ടില്ല.
- ബജറ്റ് തയ്യാറാക്കുന്നതിൽ സർക്കാർ നൽകിയ സമയക്രമം പാലിച്ചില്ല.
- ബജറ്റ് ഹെഡ് വൈസ് ആയി തയ്യാറാക്കിയിട്ടില്ല.
- ബജറ്റ് KSAD ക്കു സമർപ്പിക്കുകയോ പെർഫോമൻസ് ഓഡിറ്റ് വിങ് സ്‌ക്രൂട്ടിനി ചെയ്യുകയോ ചെയ്തിട്ടില്ല
- പൂവാർ CHC ക്കായി അഞ്ചു ലക്ഷം രൂപ ബജറ്റിൽ ഇത് വിലയിരുത്തിയിരുന്നു. എന്നാൽ ഈ ഇനത്തിൽ 2017-18 ഇത് 44,511/- രൂപ മാത്രമാണ് ചെലവഴിച്ചത്. അതായതു ചെലവിന്റെ പത്തു മടങ്ങു ഉയർന്ന നിരക്കിൽ ബഡ്ജറ്റിൽ തുക വിലയിരുത്തി.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.2018 | 31.05.2018 | 26.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 2,27,01,447/-

വരവ് - 9,78,38,518/-

ആകെ - 12,05,39,965/-

ചെലവ് -11,28,82,761/-

നീക്കിയിരിപ്പ് - 76,57,204/-

## 1-5 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് | | 40621539 | 40621539 | 40621539 | |
| എസ്.സി.പി. | | 12344475 | 12344475 | 12344475 | |
| PMAY | 4789000 | 22081750 | 26870750 | 22311554 | 4559196 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (NR) | | 3959453 | 3959453 | 3959453 | |
| ജി.പി.ജി. | 3880302 | 3582000 | 7462302 | 7100071 | 362231 |
| HARIYALI | 310887 | 11444 | 322331 | 0 | 322331 |
| SGSY | 91205 | 2599 | 93804 | 0 | 93804 |
| IAY | 13319680 | 11964500 | 25284180 | 24998268 | 285912 |
| LITERACY | | 80500 | 80500 | 80500 | |
| CBI | 2203 | 84 | 2287 | 0 | 2287 |
| Syndicate-own | 308170 | 3190174 | 3498344 | 1466901 | 2031443 |
| Total | 22701447 | 97838518 | 120539965 | 112882761 | 7657204 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 89 | 83047180 | 80 | 57728504 | 5 | 4 | 70 |

## 1-7 തൊഴിലുറപ്പ് പദ്ധതി

വരവ്-ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2018 രാവിലെ 11മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 38 /2018 നമ്പർ പദ്ധതി - പാടശേഖര സമിതികൾക്ക് മിനി ട്രാക്ടറും സ്പ്രേയറും എന്ന പദ്ധതി അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയില്ല. എന്നാൽ ടി പദ്ധതി നിർദേശം ഗ്രാമ സഭയിലോ കരട് പദ്ധതി രേഖയിലോ വർക്കിംഗ് ഗ്രൂപ്പ് മിനട്സിലോ ഉൾപ്പെടുന്നില്ല. പദ്ധതികളിൽ മോണിറ്ററിങ് കൃത്യമായി നടക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ നടത്തുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.11.2017 | 2016-17 | 07.04.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.03.2017 | 01.02.2014-28.02.2017 | 17.04.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് – ന്യൂനതകളുടെ സംഗ്രഹത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

... ..

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്ളോക്ക്പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനത്തിന് ബ്ളോക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ് ഒടുക്കുന്നു.

ബ്ളോക്ക് പഞ്ചായത്തിന് കൈമാറി കിട്ടാത്തതും ബ്ളോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാതെ അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്നതുമായ റീജിണൽ അനിമൽഹസ്ബന്ററി സെന്റർ, പ്രോജക്ട് ഓഫീസിന്റെ വൈദ്യുതി ചാർജ് ബ്ളോക്ക് പഞ്ചായത്താണ് ഒടുക്കി വരുന്നത്. ബ്ളോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വെറ്ററിനറി പോളിക്ളിനിക് എന്ന സ്ഥാപനത്തിന് തൊട്ട് മുകളിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. രണ്ട് ഓഫീസുകൾക്കും പ്രത്യേകമായി മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ വെറ്ററിനറി പോളി ക്ളിനിക്കിന്റെ പേരിലാണ് കെ.എസ്.ഇ.ബിയിൽ നിന്ന് വൈദ്യുതി ചാർജ് ബിൽ ലഭിക്കുന്നതെന്ന് പരിശോധനയിൽ കണ്ടെത്തി. സർക്കാർ നിർദ്ദേശമോ ഉത്തരവോ ഇല്ലാതെ പ്രസ്തുത സ്ഥാപനത്തിന്റെ വൈദ്യുതി ചാർജ് ഒടുക്കുന്നത് ബ്ളോക്ക് പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. ആയതിനാൽ റീജണൽ അനിമൽ ഹസ്ബന്ററി സെന്റർ, പ്രോജക്ട് ഓഫീസിന് പ്രത്യേകം മീറ്റർ സ്ഥാപിക്കുവാനും അതിന്റെ വൈദ്യുതി ചാർജ് ഒടുക്കുന്ന ബാധ്യതയിൽ നിന്ന് ഒഴിവാകുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 23-07-2018ലെ 10/18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് രണ്ട് ഓഫീസുകൾക്കും പ്രത്യേകം മീറ്റർ സ്ഥാപിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-2 വ്യവസായ വികസനം-പദ്ധതികൾ നടപ്പാക്കിയില്ല

വ്യവസായ വികസനത്തിനായി ബ്ളോക്ക് പഞ്ചായത്തിന്റെ കീഴിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ പ്രവർത്തനം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും (18-09-1995ലെ ജി.ഒ(പി)നം.189/95/തയസ്വ.ഭ.വ. ഉത്തരവ് പ്രകാരം) ആയത് ഫലപ്രദമായി ഉപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. മുൻ സാമ്പത്തിക വർഷം ആസൂത്രണം ചെയ്ത അംഗപരിമിതർക്ക് വ്യവസായ യൂണിറ്റ് എന്ന 7-ാം നമ്പർ പ്രോജക്ട് 2017-18-ൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഗ്രാമീണ തലത്തിൽ ലഭ്യമാകുന്ന വിഭവങ്ങൾ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ പറ്റിയ സാഹചര്യങ്ങൾ പഞ്ചായത്ത്

മേഖലയിൽ നിലനിൽക്കുന്നതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 27-04-2017ൽ കൂടിയ ബ്ളോക്ക് ഗ്രാമസഭ വ്യവസായ മേഖലയിൽ വിജയകരമായി നടപ്പിലാക്കാൻ സാധ്യതയുള്ള പദ്ധതികളെപ്പറ്റി ചർച്ച ചെയ്യുകയും 2017-18 ൽ ചെറുകിട വ്യവസായത്തിന്റെ വളർച്ചക്കായി ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 27-03-2017 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലും ഇതേ തീരുമാനങ്ങളാണ് ഉണ്ടായത്.

1. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുവാൻ ബ്ളോക്ക് പരിധിയിലെ പഞ്ചായത്തുകൾ സ്ഥലം അനുവദിച്ച് ലഭ്യമാക്കുന്ന മുറക്ക് നടപടികൾ സ്വീകരിക്കുക.
2. LEDവിളക്കുകളുടെ അസംബ്ളിംഗ്, റിപ്പയറിംഗ്, മെയിന്റനൻസ് എന്നിവയിൽ പരിശീലനം നൽകി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
3. ബ്ളോക്ക്പഞ്ചായത്ത് പരിധിയിൽ ലഭ്യമാകുന്ന ചക്ക, ഏത്തക്ക മുതലായവ സംഭരിച്ച് മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
4. പേപ്പർ കവർ (വിവിധ വലിപ്പത്തിലുള്ളവ), പേപ്പർ ബാഗ്, തുണിസഞ്ചി മുതലായവ ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ട സൗകര്യം ഒരുക്കുക.
5. വിനോദസഞ്ചാര വികസന മേഖലക്ക് സാധ്യതയുള്ള ചെങ്കൽ വലിയകുളത്തിന് സമീപം കരകൗശല വസ്തുക്കളുടെ നിർമ്മാണവും വിപണനവും നടത്തുന്നതിനുള്ള സൗകര്യം നൽകുക.
6. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കവറുകൾ, കുപ്പികൾ മുതലായവ ശേഖരിച്ച് ബ്ളോക്ക്പഞ്ചായത്ത് തലത്തിൽ പൊടിച്ച് വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. Solar Pannel Repair and Maintanance, Assembling എന്നിവക്ക് പരിശീലനം നൽകി ഉൽപാദനമേഖലയിൽ യൂണിറ്റുകൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

മേഖലയിലെ വ്യവസായ വളർച്ചക്കനുകൂലമായ ഘടകങ്ങൾ ഒരുമിപ്പിച്ച് ചെറുകിട വ്യവസായത്തിന്റെ വളർച്ചക്ക് പ്രവർത്തക സമിതിയിലൂടെയും ബ്ളോക്ക് ഗ്രാമസഭയിലൂടെയും മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഉണ്ടായെങ്കിലും പ്രോജക്ടുകൾ തയ്യാറാക്കിയില്ല. ആയതിനാൽ പരിമിതികൾ പരിഹരിച്ച് ഫലപ്രദമായ ഒരു വ്യവസായ നയം ആവിഷ്കരിച്ച് മേഖലയിലെ സാദ്ധ്യതകൾ പരമാവധി ഉപയോഗിച്ച് വ്യവസായ പുരോഗതിയും തൊഴിൽ സാദ്ധ്യതകളും വർധിപ്പിക്കുവാനും അതിലൂടെ സാമൂഹ്യക്ഷേമം കൈവരിക്കുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## **3-3** വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ ബ്ളോക്ക് പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 1,93,105/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ബ്ളോക്ക് പഞ്ചായത്തിന് 1,931/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 23-07-2018ലെ11/18നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കളക്ഷൻ ചാർജ് തുകയീടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-4 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല

ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം ബ്ളോക്ക് പഞ്ചായത്ത് പ്രസ്തുത മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതാണ്.

## 3-5 ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ലഭ്യമാക്കിയിട്ടില്ല

ബ്ളോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം 6പദ്ധതികൾ ഇ-ടെൻഡർ മുഖേന നടപ്പിലാക്കി. എന്നാൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ലഭ്യമായ ഫോറം വില/ടെൻഡർ ഫീസ് 28-09-2013ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ടാക്സ് ഉൾപ്പെടെയുള്ള ഇ-ടെൻഡർ ഫീസ് | ടെൻഡറുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 24/18 | ഈഴക്കോണം ആശാരിക്കുളം റോഡ് റീടാറിംഗ് | 1580 | 1 |
| 2 | 13/18 | കുന്നിൻവിള പുത്തൻകുളം റോഡ് പുനരുദ്ധാരണം-ചെങ്കൽ | 2100 | 2 |
| 3 | 25/18 | ഗോവിന്ദമംഗലം കുളം പുനരുദ്ധാരണം | 3360 | 2 |
| 4 | 29/18 | പൂവാർ ബണ്ട് സാംസ്കാരികനിലയം ചുറ്റമതിലും തറ നിരപ്പാക്കലും | 2100 | 2 |
| 5 | 9/18 | ആർ.സി.സ്ട്രീറ്റ് കുടിവെള്ള പദ്ധതി -പാറശ്ശാല | 4410 | 3 |

| | | | | |
|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | | |
| 6 | 22/18 | മല്ലികശ്ശേരിക്കുളം സംരക്ഷണഭിത്തി നിർമ്മാണം രണ്ടാം ഘട്ടം | 3150 | 3 |
| 7 | 20/18 | പൂഴിക്കുന്ന് ശാസ്താംകോവിൽ റോഡ് പുനരുദ്ധാരണം | 2100 | 2 |
| 8 | 52/18 | കൊറ്റാമം എ.ഡി.എ. ഓഫീസ് പുനരുദ്ധാരണം | 1500 | 3 |
| 9 | 56/18 | ആയാത്തുകുളം കടവ് നിർമ്മാണം -പാറശ്ശാല ഗ്രാമപഞ്ചായത്ത് | 4000 | 4 |
| 10 | 60/18 | പനംകാല – ചാലാക്കര റോഡ് റീടാറിംഗ് | 4800 | 3 |
| 11 | 63/18 | വലിയകുളം കുന്നംപുറം എലവങ്ങമൂല പാലം ബണ്ട് റോഡ്- ചെങ്കൽ | 6000 | 3 |
| 12 | 17/18 | പകൽവീട് നിർമ്മാണം -പാറശ്ശാല ഗ്രാമപഞ്ചായത്ത് | 12500 | 5 |
| 13 | 26/18 | പാറശ്ശാല താലൂക്ക് ആശുപത്രയിൽ മോർച്ചറി കെട്ടിടനിർമ്മാണം | 10000 | 4 |
| 14 | 55/18 | വടവൂർക്കോണം മേലേവിള ചാനലിന് കുറുകെ പാലം നിർമ്മാണം – കാരോട് ഗ്രാമപഞ്ചായത്ത് | 2800 | 2 |
| 15 | 46/18 | IHDP മിനി കമ്മ്യൂണിറ്റി ഹാൾ നവീകരണം- തിരുപുറം | 7500 | 3 |
| 16 | 14/18 | പൂവ്വാർ സി.എച്ച്.സി. കെട്ടിടം പുനരുദ്ധാരണം | 2000 | 2 |
| 17 | 23/18 | പാറശ്ശാല താലൂക്ക് ആശുപത്രി റോഡ് പുനരുദ്ധാരണം | 9500 | 5 |
| 18 | 47/18 | ചെങ്കവിള ഗ്രന്ഥശാല അറ്റകുറ്റപ്പണികൾ | 1200 | 2 |
| 19 | 16/18 | മലഞ്ചുറ്റ് ലക്ഷംവീട് കോളനി പാലം നിർമ്മാണം | 2000 | 2 |

| | | | | |
|---|---|---|---|---|
| 20 | | MPLADS 2016-17 – Construction of Mini Stadium, Paraniyam,Govt.LPS Ground in Thirupuram Gr. Pt. | 15000 | 6 |
| 21 | 62/18 | മുണ്ടക്കാവിള മെയിൻ റോഡിന്റെ ഭാഗം മുതൽ ബ്രഹ്മക്കോണം തോട്ടുവരെയുള്ള ഓട നിർമ്മാണം | 4800 | 3 |
| 22 | 19/18 | പൊഴിയൂർ ക്ഷേത്രനട കല്ലി റോഡ് റീ ടാറിംഗ് | 1000 | 1 |
| 23 | 46/18 | ഐ.എച്ച്.ഡി.പി. മിനി കമ്മ്യൂണിറ്റി ഹാൾ നവീകരണം-തിരുപുറം | 1500 | 3 |
| 24 | 53/18 | പട്ടരുവിള കുടിവെള്ള പദ്ധതി – ചെങ്കൽ ഗ്രാമപഞ്ചായത്ത് | 3584 | 2 |
| 25 | 97/18 | മണ്ണാംകുളം സംരക്ഷണഭിത്തി നിർമ്മാണം-പാറശ്ശാല ഗ്രാമപഞ്ചായത്ത് | 2240 | 2 |
| 26 | 12/18 | ചെക്കടി കല്ലിംഗവിളാകം റോഡ് റീടാറിംഗ്- പൂവ്വാർ ഗ്രാമപഞ്ചായത്ത് | 2240 | 2 |
| 27 | 103/18 | പാറശ്ശാല താലൂക്ക് ആശുപത്രിയിൽ വനിതാ സൗഹൃദ സാനിട്ടറി സമുച്ചയ നിർമ്മാണം | 6720 | 3 |
| 28 | 49/18 | കിഴക്കേക്കര കുടിവെള്ള പദ്ധതി- കാരോട് ഗ്രാമപഞ്ചായത്ത് | 1120 | 1 |
| 29 | 96/18 | ചെറിയപെരിങ്ങോട്ടുകുളം പാർശ്വഭിത്തി നിർമ്മാണം- ചെങ്കൽ ഗ്രാമപഞ്ചായത്ത്. | 3584 | 2 |
| 30 | 101/18 | അയണിവിള കുടിവെള്ള പദ്ധതി- കാരോട് ഗ്രാമപഞ്ചായത്ത് | 4480 | 2 |
| 31 | 6/18 | പാറശ്ശാല ബ്ളോക്ക് പഞ്ചായത്ത് വനിതാ കാന്റീൻ 2016-17 | 4480 | 4 |

| | | | | |
|---|---|---|---|---|
| 32 | 105/18 | മത്സ്യ തൊഴിലാളികൾക്ക് നെറ്റ് ബെന്റിംഗ് സെന്റർ | 6000 | 2 |
| 33 | 109/18 | ചിറക്കുളം റോഡ് സൈഡ് വാൾ നിർമ്മാണം | 3360 | 3 |
| 34 | Corpus Fund | കുന്നമല കോളനി കുടിവെള്ള പദ്ധതി- പൂവ്വാർ ഗ്രാമപഞ്ചായത്ത് | 4480 | 2 |
| 35 | 21/18 | കണ്ണമ്മൽകോണം കുടിവെള്ള പദ്ധതി - കുളത്തൂർ ഗ്രാ.പഞ്ചായത്ത് | 6720 | 3 |
| 36 | 111/18 | പിരായുംമൂട് നീരാഴിവെട്ടിവിള റോഡ് പാച്ച് വർക്കും ബേം കോൺക്രീറ്റും പ്ലാവിലമൂല റോഡ് റീടാറിംഗും | 11200 | 5 |
| 37 | 110/18 | ചെറുവാരക്കോണം വാർഡിലെ മഞ്ചാംകുഴി കുടിവെള്ള പദ്ധതി | 3360 | 3 |

ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിൽ അടവായിട്ടുള്ള ഇ-ടെൻഡർ ഫോറം വില മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം ബ്ളോക്ക് പഞ്ചായത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. 2012-13സാമ്പത്തിക വർഷം മുതലുള്ള ഇ-ടെൻഡർ ഫോറം വില ബ്ളോക്ക് പഞ്ചായത്തിന് ലഭിക്കാനുണ്ട്. മുഴുവൻ ഇ-ടെൻഡർ ഫോറം വിലയും ലഭ്യമാക്കി ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 3-6 ബജറ്റ് അധികരിച്ചു ചെലവ് നടത്തി

2017-18 സാമ്പത്തിക വർഷം വെറ്ററിനറി പോളി ക്ലിനിക്കിന് മരുന്ന് വാങ്ങുന്നതിനായി 50,000/- രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ 77-ാം നമ്പർ പദ്ധതി പ്രകാരം ആയതിലേക്കായി തനതു ഫണ്ടിൽ നിന്നും 1,00,000/-രൂപ ചെലവഴിച്ചു. രേഖകൾ പരിശോധിച്ചതിൽ ബജറ്റ് റിവൈസ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/24.07.2018) മേലിൽ ഇത്തരം സാഹചര്യങ്ങളിൽ ബജറ്റ് പുതുക്കി അംഗീകാരം തേടുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. ബജറ്റ് തുകയിൽ അധികരിച്ച് തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യമാണ്.

## 3-7 പദ്ധതി രൂപീകരണം - ബജറ്റ്, സർക്കാർ നിർദേശങ്ങൾ അധികരിച്ചു ചെലവ് ചെയ്തു

പദ്ധതി രൂപീകരണ മോണിറ്ററിങ് പ്രവർത്തനങ്ങൾക്കായി 2017-18 ബജറ്റ് പ്രകാരം 1,50,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ പദ്ധതി രൂപീകരണത്തിനും മോണിറ്ററിങ് ചെലവുകൾക്കുമായി 3,50,000/-രൂപ ചെലവഴിച്ചു. ബജറ്റിൽ അധികരിച്ചു 2,00,000/-രൂപ ചെലവഴിച്ചു. എന്നാൽ ഇത് സംബന്ധിച്ച ബഡ്ജറ്റിലെ വകയിരുത്തലിൽ മാറ്റം വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/24.07.2018) മാർഗരേഖ പ്രകാരമാണ് തുക ചെലവഴിച്ചത് എന്ന മറുപടിയാണ് ലഭിച്ചത്.

സർക്കാർ നിർദ്ദേശപ്രകാരം പദ്ധതി രൂപീകരണത്തിനായി രണ്ടു ലക്ഷം രൂപയും മോണിറ്ററിങ്ങിനായി 1.5 ലക്ഷം രൂപയുമാണ് ചെലവഴിക്കാൻ അനുമതിയുള്ളത്. എന്നാൽ ഇവിടെ പദ്ധതി രൂപീകരണത്തിനായി 2,30,780/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദേശത്തിനു വിരുദ്ധമായി 30,780/- രൂപ അധികമായി ചെലവഴിച്ചു. കൂടാതെ കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (13/24.07.2018) മറുപടി ലഭിച്ചില്ല. ബഡ്ജറ്റ് വിഹിതത്തിൽ അധികരിച്ച് തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. ഇതു സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

## 3-8 മോണിറ്ററിങ് ചെലവുകൾ - യാത്ര സംബന്ധമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - തടസ്സം 8,590/- നിരാകരണം 12,120/-

ബിൽ നം. - 4/17-18, 42/17-18 തീയതി 03.08.2017, 28.03.2018

തുക - 2,30,780/-, 1,19,220/-

പദ്ധതി രൂപീകരണവും മോണിറ്ററിങ്ങും എന്ന പ്രോജക്ടിൽ 2,30,780/- രൂപ പദ്ധതി രൂപീകരണ ചെലവുകൾക്കായും 1,19,220/-രൂപ മോണിറ്ററിങ് ചെലവുകൾക്കുമായാണ് ചെലവഴിച്ചത്. സെക്രട്ടറിയുടെ 27.03.2018 ലെ ബിപി.1/533/2018 നമ്പർ നടപടി ഉത്തരവ് പ്രകാരം 1,19,220/- രൂപ മോണിറ്ററിങ് ചെലവുകളിൽ ഉൾപ്പെടുത്തി ചെലവഴിക്കാൻ ഉത്തരവായി. ആയതിൽ മോണിറ്ററിങ്, ടെൻഡർ പരസ്യങ്ങൾക്കുള്ള ചെലവുകൾ, സ്റ്റേഷനറി ചെലവുകൾ എന്നിവ ഉൾപ്പെടുന്നു. ചെലവഴിച്ച മൊത്തം തുകയിൽ 39,850/- രൂപ മോണിറ്ററിങ് ചെലവുകൾക്കായി മാത്രം ചെലവഴിച്ചു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ചെലവഴിച്ച 39,850/-രൂപയിൽ 31,260/-രൂപയുടെ ചെലവുകൾക്ക് മാത്രമാണ് രേഖകൾ ഹാജരാക്കിയത്. ആയതിനാൽ രേഖകൾ ഹാജരാക്കാത്ത 8,590/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 8,590/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

31,260/-രൂപയുടെ ചെലവുരേഖകൾ ഹാജരാക്കിയതിൽ 18,080/-രൂപ വാഹനം വാടകക്ക് എടുത്തതിനും 13,180/- രൂപ ഭക്ഷണ ചെലവുകൾക്കും ഉള്ളതാണ്. വാഹനം വാടകക്ക് എടുത്തതിന്റെ രേഖകൾ എന്ന നിലയിൽ രണ്ട് വാഹനങ്ങളുടെ 14 ട്രിപ്പ് ഷീറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു.

ഇതിൽ KL-19G-7 എന്ന വാഹനത്തിന് വാടകയിനത്തിൽ 12,120/-രൂപ അനുവദിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്മെന്റിന്റെ വെബ്സൈറ്റിലെ രേഖകൾ പ്രകാരം KL-19-G-7എന്ന വാഹനം MOTOR CYCLE - ABOVE 95CC - ROYAL ENFIELD MOTORS ആണ്. ആയതിനാൽ ടി വാഹനം ഉപയോഗിച്ചതായുള്ള ട്രിപ്പ് ഷീറ്റ് രേഖകൾ അംഗീകരിക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (13/24.07.2018) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ മേല്പറഞ്ഞ വാഹനം ഉപയോഗിച്ചതായി കാണിച്ചുകൊണ്ട് ചെലവഴിച്ച 12,120/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-9 കേരളോത്സവം -തുക അധികം ചെലവഴിച്ചു

സർക്കാർ ഉത്തരവ് നമ്പർ 2160/2017/ത സ്വ ഭ വ തീയതി 28/6/2017 പ്രകാരം കേരളോത്സവം നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് ചെലവഴിക്കുന്ന തുകയുടെ പരിധി 1,10,000/- രൂപയാണ്. എന്നാൽ 19.12.2017 ലെ ജനറൽ കമ്മിറ്റി തീരുമാനം നമ്പർ 2-10 പ്രകാരം, 1,35,000/- രൂപയുടെ ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്ന് 35,000/- രൂപ യുവജന ക്ഷേമ ബോർഡ് തിരികെ ലഭ്യമാക്കിയിട്ടുള്ളതായി ഫയൽ നമ്പർ ബി.പി.1/1716/പി.എസ്.എൻ.എ. യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തുകയൊന്നും ലഭ്യമായിട്ടില്ല. കേരളോത്സവം സംബന്ധിച്ച ചെലവ് രേഖകൾ

യുവജന ക്ഷേമ ബോർഡിന് മുൻപിൽ ഹാജരാക്കണം എന്ന് മാത്രമേ മേല്പറഞ്ഞ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളൂ. ബോർഡിൽ നിന്ന് എത്ര തുക ലഭ്യമാകുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ബോർഡിൽ നിന്ന് 35,000/- രൂപ തിരികെ ലഭ്യമാകും എന്ന ധാരണയിൽ പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണ്.

കേരളോത്സവത്തിനു ചെലവഴിച്ച തുകയുടെ വിശദാംശം താഴെ പറയുന്നു.

| ചെക്ക് നമ്പർ / തീയതി | തുക |
|---|---|
| 4982642/24.10.2017 | 50,000/- |
| 4982648/27.10.2017 | 30,000/- |
| 5062743/29.11.2017 | 5,000/- |
| 5060151/20.11.2017 | 14,850/- |
| 5062760/21.12.2017 | 22,890/- |
| 8086757/10.11.2018 | 12,260/- |
| ആകെ | 1,35,000/- |

അധികം 25,000/-രൂപ ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-10 ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ വാങ്ങൽ-അപാകതകൾ

പ്രോജക്റ്റ് നമ്പർ - 112/17-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ

ബിൽ റഫറൻസ് നമ്പർ - 17020563046501321727

പദ്ധതി അടങ്കൽ - 12,32,450/-

പദ്ധതി ചെലവ് - 10,88,000/-

ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ വാങ്ങൽ പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്തു.

ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. ഗുണഭോക്താവ് ജനറൽ 1ലക്ഷം/പട്ടികജാതി 2ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കുടുംബത്തിലെ അംഗമായിരിക്കണം. എന്നാൽ ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാന സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.
2. ഗുണഭോക്താവ് 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്. എന്നാൽ ഇതിനു മുമ്പ് ട്രൈസ്കൂട്ടർ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഇല്ലാതെ പലർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5-ന് സാക്ഷ്യപത്രം വാങ്ങി സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ എല്ലാ രേഖകളും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2017-18 | 519563 | സമഗ്ര നെൽകൃഷി വികസനം | 519563 | - |
| ഗ്രാമപഞ്ചായത്ത് | 2017-18 | 122400 | ജൈവ സമൃദ്ധി പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 122400 | - |
| ഗ്രാമപഞ്ചായത്ത് | 2017-18 | 1000000 | പാടശേഖര സമിതികൾക്ക് മിനി ട്രാക്ടറും സ്പ്രെയറും | 1000000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പാറശ്ശാല, ചെങ്കൽ, കുളത്തൂർ, കാരോട്, പൂവാർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പ്രവർത്തികൾക്ക് എക്സ്റ്റെൻഷൻ പൈപ്പ് ലൈൻ | 200000 | 200000 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |

| | | | | |
|---|---|---|---|---|
| ഇ.എം.എസ്. | 6244315 | 3345329 | - | 2898986 |
| ഐ.എ.വൈ. | 885394.3 | 16272000 (പലിശ ഉൾപ്പെടെ) | | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്-സർചാർജ് നടപടികളുടെ വിവരങ്ങൾ

വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 120539965 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 112882761 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 12120 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8590 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.8 | - | 12120 | സജ്ന സത്താർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.8 | 8590 | സജ്ന സത്താർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| സജ്ന സത്താർ (സെക്രട്ടറി), | സജ്ന മൻസിൽ,<br>കുതിരംകുളം, വെമ്പായം. പി.ഒ.<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക<br>കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 1 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 1 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 10 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 09.06.2017 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 | 5 | |

| | | | |
|---|---|---|---|
| | തീയതി 04.06.2018 | | |

ഒപ്പ്

ജോയിന്റ് ഡയറക്ടർ

## അനുബന്ധം-I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതു പോലെ വാർഷിക ധനകാര്യ പത്രിക പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12-ലെ നമ്പർ. 3-19/2003/ധന, തീയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ

### ന്യൂനതകളുടെ സംഗ്രഹം

1. നോട്ടീസ് ഓൺ അക്കൗണ്ട്സ്, ബേസിക് ഫിനാൻഷ്യൽ റേഷ്യോ എന്നിവ AFS നോടൊപ്പം സമർപ്പിച്ചിട്ടില്ല.

2. തൻ വർഷം ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക തുക മാറ്റിയിട്ടില്ല.
3. നാളിതുവരെയുള്ള ക്യാപിറ്റൽ കോൺട്രിബ്യൂഷനും ഡിപ്രീസിയേഷനും ഒഴികെയുള്ള ഫിക്സഡ് അസ്സറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. തൻവർഷം ക്യാപിറ്റൽ കോൺട്രിബ്യൂഷനും തൻവർഷ ആസ്തിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
5. തൻവർഷം ആസ്തികൾക്ക ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.
6. AFS ൽ ഇമ്പ്രസ്റ്റ് ഉൾപ്പെടുത്തിയിട്ടില്ല.
7. MNREGS, കേരളോത്സവം എന്നിവയുമായി ബന്ധപ്പെട്ട യഥാക്രമം 1,14,083/-, 35,000/- രൂപ അഡ്വാൻസ് റീക്കപ് ചെയ്യാൻ ശേഷിക്കുന്നുണ്ടെങ്കിലും ആയതു ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. ലിറ്ററസി - അഡ്വാൻസ് നൽകിയ തുക AFS (73,500/-)യിലും രജിസ്റ്ററിലും (66,014/-)വ്യത്യസ്തമായി കാണുന്നു.
9. 160100799, 160200299 എന്നീ ഹെഡുകളിൽ വരവില്ലാതെ യഥാക്രമം 4,36,091/-, 10,000/- തുകകൾ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വരവ് തുകകളുടെ രേഖകൾ ഹാജരാക്കാത്തതിനാൽ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
10. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 48,52,509/- രൂപയും AFS പ്രകാരം 71,24,621/- രൂപയുമാണ്.
11. റെന്റ് റീസിവബിൾസ് - demand (15,940/-), collection (14,440/-), Balance (490/-) ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.
12. പോളി ക്ലിനിക്കിന് മരുന്ന് വാങ്ങിയ വകയിൽ ചെലവായ 10,000/- രൂപ AFSൽ ഉൾപ്പെടുത്തിയിട്ടില്ല.
13. കഴിഞ്ഞ വർഷത്തെ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആസ്തിയാക്കി മാറ്റിയിട്ടില്ല.
14. ഹരിയാലി അക്കൗണ്ടിലെ തുക B4 (3,10,887/-) ഷെഡ്യൂളിലും B17 (3,22,331/-)ഷെഡ്യൂളിലും വ്യത്യസ്തമായി കാണുന്നു.
15. വികസന ഫണ്ട് വരവ് , മെയിന്റനൻസ് (നോൺ റോഡ്), എന്നീ അക്കൗണ്ടുകളിൽ വരവ് ACR ലും സുലേഖ പത്രിക തമ്മിലും പൊരുത്തപ്പെടുന്നില്ല.

| | ACR | SULEKHA | AFS |
|---|---|---|---|
| വികസന ഫണ്ട് | 40985799 | 40621539 | 40621539 |
| മെയിന്റനൻസ് (നോൺ റോഡ്) | 4762490 | 4762490 | 3959453 |

16. റിഡെംപ്ഷൻ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
17. മാർച്ച് മാസത്തെ ശമ്പളവും ഈടാക്കലുകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്